**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **28-01-2026 - ൽ മറുപടിയ്ക്ക്**

**ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്വാറി/ക്രഷർ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തെ നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ക്വാറി/ക്രഷർ പ്രവർത്തനങ്ങളുടെ മേൽ അമിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ഈ മേഖലയിൽ വൻ വിലക്കയറ്റത്തിനും നിർമ്മാണ സാമഗ്രികൾ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നുവെന്ന വിഷയം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ക്വാറിയുടെ പ്രവർത്തനങ്ങളിന്മേൽ സർക്കാർ പുതിയ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന ചില വ്യവഹാരങ്ങൾ ബഹു. കോടതിയുടെ പരിഗണനയിൽ ഉള്ളതും അവയിൽ തന്നെ ചിലതിൽ ലഭിച്ച വിധിന്യായങ്ങളും, മൈൻ ലൈഫും പ്രൊജക്ട് ലൈഫും രണ്ടാണെന്നുള്ള ബഹു.കോടതി യുടെ നിർദ്ദേശം, ജില്ലാ തല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിട്ടി അനുവദിച്ച പാരിസ്ഥിതികാനുമതി, സംസ്ഥാന അതോറിറ്റി റീ-അപ്രൈസൽ ചെയ്യണമെന്നുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ നിർദ്ദേശം മുതലായവ ക്വാറികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ ക്വാറിയിംഗ് ലീസിനുള്ള അപേക്ഷകളിൽ വകുപ്പ് ഇതിനോടകം ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ച 443 അപേക്ഷകളിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് കാലാനുസൃതമായി പരിഷ്കരിക്കണമെന്നുള്ള ബഹു. ഹൈക്കോടതിയുടെ നിരീക്ഷണത്തെ തുടർന്ന് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് അതാത് ജില്ലകളിൽ തയ്യാറാക്കുന്നതിനായുള്ള വിദഗ്ധസേവനം വകുപ്പിൽ നിന്നും നൽകിയിട്ടുള്ളതും ആയതനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ലാൻഡ്സ്ലൈഡ് സസപ്റ്റബിലിറ്റി സംബന്ധിച്ച് അടുത്ത കാലത്ത് പുറത്തിറങ്ങിയ ഹസാഡ് സോണേഷൻ മാപ്പ് പ്രകാരമുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളെ |

| | | | |
|---|---|---|---|
| | | | യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ